# 15 -ാം കേരള നിയമസഭ

## 11 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 647** **11-06-2024 - ൽ മറുപടിയ്ക്ക്**

## ക്യാമ്പസ് വ്യവസായ പാർക്കുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. പി. രാജീവ് (നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോടനുബന്ധിച്ച് ക്യാമ്പസ് വ്യവസായ പാർക്കുകൾ ആരംഭിക്കുവാൻ തീരുമാനിച്ചിരുന്നോ; എങ്കിൽ വിശദമാക്കുമോ? | (എ) | അതെ;<br><br>വ്യവസായിക ആവശ്യത്തിനായുള്ള ഭൂലഭ്യതയുടെ കുറവ് പരിഹരിക്കുന്നതിനായും വിദ്യാർത്ഥി സമൂഹത്തിൽ വ്യവസായ സംരംഭകത്വം വളർത്തുവാനും, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുവാനും കഴിയുന്നതാണെന്നുള്ള വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുടനീളമുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി ഉപയുക്തമാക്കി 29/2/2024-ലെ സ.ഉ (കൈ) നമ്പർ 16/2024/ID സർക്കാർ ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശപ്രകാരം ക്യാമ്പസ് ഇൻഡസ്ട്രിയൽ പാർക്ക് എന്ന നവീന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടക്കുന്ന ഗവേഷണ പ്രവർത്തനങ്ങളിലൂടെ പുതിയതായി കണ്ടെത്തുന്ന ഉത്പന്നങ്ങളുടെ വ്യാവസായിക ഉത്പാദനം വേഗത്തിൽ ആരംഭിക്കുന്നതിനുള്ള ഒരു സംവിധാനം ഇതിലൂടെ ആവിഷ്കരിക്കുന്നതിന് ലക്ഷ്യമിടുന്നുണ്ട്.<br><br>കുറഞ്ഞത് അഞ്ച് ഏക്കർ ഭൂമിയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് (ആർട്സ് & സയൻസ് കോളേജുകൾ, പ്രൊഫഷണൽ കോളേജുകൾ, പോളിടെക്നിക്കുകൾ, ഐ.ടി.ഐ.കൾ മുതലായവ) ക്യാമ്പസ് വ്യവസായ പാർക്കിനായി അപേക്ഷിക്കാം. സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറി സ്ഥാപിക്കുന്നതിന് കുറഞ്ഞത് രണ്ട് ഏക്കർ ഭൂമിയാണ് ആവശ്യമായി വരുന്നത്. 30 വർഷത്തേക്ക് ആണ് ഡവലപ്പർ പെർമിറ്റ് അനുവദിക്കുക. |

സെക്ഷൻ ഓഫീസർ